19

ഫെബ്രുവരി

തിങ്കൾ 2024

# കാലികം

വാർത്താപത്രിക

SIHSS UMMATHUR



ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂൾ അയൽപക്കപഠനകേന്ദ്രങ്ങളുടെ ഉദ്ഘാടനം കുറുവന്തേരിയിൽ അഹമ്മദ് പുന്നക്കൽ നിർവ്വഹിക്കുന്നു

## എസ് എസ് എൽ സി മോഡൽ പരീക്ഷകൾക്ക് ഇന്ന് തുടക്കം

ഈ വർഷത്തെ എസ് എസ് എൽ സി മോഡൽ പരീക്ഷകൾ ഇന്ന് ആരംഭിച്ച് 23 ന് അവസാനിക്കും.രാവിലെ 9.45 മുതൽ 11.30 വരെയും ഉച്ചയ്ക്ക് ശേഷം 2 മണി മുതൽ 3.45 വരെയുമാണ് പരീക്ഷാ സമയം. എസ് എസ് എൽ സി പരീക്ഷ മാർച്ച് നാലിന് ആരംഭിച്ച് 25 ന് അവസാനിക്കും. ഹയർസെക്കണ്ടറി ഒന്നും രണ്ടും വർഷ മോഡൽ പരീക്ഷകൾ 15 ന് ആരംഭിച്ചു. എസ് എസ് എൽ സി മോഡൽ പരീക്ഷകളുടെ എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി പരീക്ഷാ ചീഫ് പി അഷ്റഫ് മാസ്റ്റർ അറിയിച്ചു.

# അയൽപക്കപഠന കേന്ദ്രങ്ങൾക്ക് തുടക്കമായി

ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂളിന്റെ ആഭിമുഖ്യത്തിൽ SSLC വിദ്യാർത്ഥികൾക്കായി വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുന്ന അയൽപക്ക പഠന കേന്ദ്രങ്ങൾക്ക് തുടക്കം കുറിച്ചു.
അയൽപ്പക്ക പഠന കേന്ദ്രങ്ങളുടെ ഉദ്ഘാടനം കുറുവന്തേരി യു പി സ്കൂളിന് സമീപം കുഞ്ഞിരാത്തി ഹമീദിന്റെ വീട്ടിലെ അയൽപക്ക കേന്ദ്രത്തിൽ അഹമ്മദ് പുന്നക്കൽ നിർവ്വഹിച്ചു. ഗ്രാമ പഞ്ചായത്ത് മെമ്പർ ടി.കെ. ഖാലിദ് മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ ഹെഡ് മാസ്റ്റർ കെ കെ ഉസ്മാൻ മാസ്റ്റർ മുഖ്യ പ്രഭാഷണം നടത്തി. കെ സി ബാബു മാസ്റ്റർ , ടി ബി മനാഫ് മാസ്റ്റർ, കെ അനൂപ് മാസ്റ്റർ, ടി ശബീർ മാസ്റ്റർ, രമിഷ ടീച്ചർ എന്നിവർ



പ്രസംഗിച്ചു. വിജയോത്സവം കൺവീനർ പി കെ ഷമീമ ടീച്ചർ സ്വാഗതവും മുഹമ്മദ് നൗഫൽ മാസ്റ്റർ നന്ദിയും പറഞ്ഞു. വിവിധ പ്രദേശങ്ങളിലെ പത്തോളം കേന്ദ്രങ്ങളിലാണ് അയൽപ്പക്ക പഠനകേന്ദ്രങ്ങൾ നടത്തുന്നത്





# നസൽ നിസാറിന് ഇൻസ്പയർ അവാർഡ്

കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പും നാഷണൽ ഇന്നവേഷൻ ഫൗണ്ടേഷനും ചേർന്ന് ദേശീയതലത്തിൽ ആറാം ക്ലാസ് മുതൽ ഒമ്പതാം ക്ലാസ് വരെയുള്ള കുട്ടികളുടെ നൂതനാശയങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് ഏർപ്പെടുത്തിയ ഇൻസ്പെയർ അവാർഡിന് ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥി നസൽ നിസാർ അർഹനായി. ലിറ്റിൽ കൈറ്റ്സ് അംഗമായ നസൽ നിസാർ പാറക്കടവ് വേവം കുമ്പോൽ നിസാർ - ഫർഹാന ദമ്പതികളുടെ മകനാണ്

## മിൻഹയ്ക്കും സഹലയ്ക്കും അൽ മാഹിർ അറബിക് അക്കാദമിക് അവാർഡ്





ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികളായ ഫാതിമത്ത് മിൻഹ എ, ഫാതിമ സഹല എ കെ എന്നിവർക്ക് പൊതുവിദ്യാഭ്യാസവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അൽ മാഹിർ അറബിക്അക്കാദമിക് പരീക്ഷയിൽ ഉയർന്ന മാർക്കോടെ സ്കോളർഷിപ്പ് ലഭിച്ചു.




പാറക്കടവ് ദാറുൽഹുദയിലെ അയൽപക്കപഠനകേന്ദ്രം സയ്യിദ് ഹുസൈൻ തങ്ങൾ സഖാഫി ഉദ്ഘാടനം ചെയ്യുന്നു

## അലിമാസ്റ്ററുടെ ഓർമയ്ക്കായി വീൽചെയർ നൽകി ജെ ആർ സി



ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂൾ ജൂനിയർ റെഡ് ക്രോസ് (ജെ ആർ സി) യൂനിറ്റിന്റെ ആഭിമുഖ്യത്തിൽ എടച്ചേരി തണൽ സന്ദർശിച്ചു. വിട പറഞ്ഞ തങ്ങളുടെ പ്രിയ കായിക അധ്യാപകൻ അലിമാസ്റ്ററുടെ ഓർമയ്ക്കായി ജെ ആർ സി കേഡറ്റുകൾ നൽകിയ വീൽചെയർ തണൽ മാനേജർ ഷാജഹാൻ ഏറ്റുവാങ്ങി. ആയിഷടീച്ചർ, സഫീറടീച്ചർ, അസ്‌ലംമാസ്റ്റർ, ഷീബടീച്ചർ തുടങ്ങിയവർ പങ്കെടുത്തു.